''ഭരണഭാഷ-മാതൃഭാഷ''

പി.എൽ(3)/60674/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയതി. 16.12.16.

# സർക്കുലർ

24875

വിഷയം : പൊ.വി-ഇൻസ്പെയർ അവാർഡ് സ്കീം-2016-17-ഓൺലൈൻ നോമിനേഷൻ സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന : 24.11.2016 ലെ കേന്ദ്ര ശാസ്ത്ര-സാങ്കേതിക വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 12011/71/2015-ഇൻസ്പെയർ കത്ത്.

ഇൻസ്പെയർ അവാർഡ് സ്കീം ഈ വർഷം മുതൽ ''INSPIRE AWARDS - MANAK" (Million Minds Augmenting National Aspiration and Knowledge) . എന്ന പേരിൽ നവീകരിച്ച് നടപ്പാക്കുകയാണ്. ബഹു.പ്രധാനമന്ത്രിയുടെ "Start Up India" പദ്ധതിയുമായി ഇൻസ്പെയർ അവാർഡ് സ്കീം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് INSPIRE AWARDS MANAK നടപ്പാക്കുന്നത്.

ഈ വർഷം (2016-17) E-Miss വെബ്സൈറ്റിൽ ഓൺലൈൻ നോമിനേഷൻ 2016 ഡിസംബർ 1-ാം തിയതി മുതൽ സമർപ്പിക്കാവുന്നതാണ്. നോമിനേഷനോടൊപ്പം ഇൻസ്പെയർ എക്സിബിഷനിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ സംക്ഷിപ്തരൂപം (synopsis) കൂടി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. സംക്ഷിപ്ത രൂപം pdf ഫോർമാറ്റിൽ വേണം സമർപ്പിക്കേണ്ടത്. 28.02.2017 വരെ സ്കൂളുകൾക്ക് ഇൻസ്പെയർ അവാർഡ് എക്സിബിഷന് മിടുക്കരായ വിദ്യാർത്ഥികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഇതുവരെ രജിസ്ട്രേഷൻ എടുക്കാത്ത സ്കൂളുകൾ എത്രയും പെട്ടെന്ന് ഇ-മിയാസ് വെബ്സൈറ്റിൽ രജിസ്ട്രേഷൻ എടുക്കാൻ വേണ്ട നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ, നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

നോമിനേഷൻ സമർപ്പിക്കൽ, രജിസ്റ്റർ ചെയ്യാത്ത സ്കൂളുകളെ ഇ-മിയാസ് വെബ് സൈറ്റിൽ (www.inspireawards-dst.gov.in) രജിസ്റ്റർ ചെയ്യിക്കൽ എന്നിവ സംബന്ധിച്ച ഉത്തരവ് അതാത് ജില്ലകളിലെ എല്ലാ സ്കൂളുകൾക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർ നൽകേണ്ടതാണ്.

(1) ''INSPIRE AWARDS - MANAK" പദ്ധതി ദേശീയ തലത്തിൽ, 5 ലക്ഷം സ്കൂളുകളിൽ നിന്ന് 2-3 വീതം നൂതനമായ ആശയപരമായ പ്രൊജക്ടുകളാണ് അവതരിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. 10 മുതൽ 15 വയസ്സുള്ളതും 6 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരുമായ കുട്ടികളെയാണ് ''INSPIRE AWARDS - MANAK"

സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗവൺമെന്റ്, പ്രൈവറ്റ് എയ്ഡഡ്, അൺ എയ്ഡഡ് (കേന്ദ്രസർക്കാർ,സംസ്ഥാന സർക്കാർ) ലോക്കൽ ബോഡി, ജില്ലാ ബോഡികൾ എന്നിവ നടത്തുന്ന സ്കൂളുകളിലെ കുട്ടികൾക്ക് ഇൻസ്പെയർ അവാർഡ് നോമിനേഷൻ സമർപ്പിക്കാവുന്നതാണ്.

(2) സ്കൂളുകളിൽ നിന്നുള്ള നോമിനേഷനുകൾ ജില്ലാ, സംസ്ഥാന ഇൻസ്പെയർ നോഡൽ ഓഫീസർമാർ മുഖാന്തിരം വേണം DSTയ്ക്ക് സമർപ്പിക്കേണ്ടത്. എക്സിബിഷനിൽ അവതരിപ്പിക്കുന്ന പ്രൊജക്ടിന്റെ സംക്ഷിപ്ത രൂപം Pdf ഫോർമാറ്റിൽ നോമിനേഷനോടൊപ്പം ഈ വർഷം മുതൽ സമർപ്പിക്കേണ്ടതാണ്. 'National Innovation Foundation' (NIF) അർഹരായ കുട്ടികളെ പ്രൊജക്ടിന്റെ പുതുമ, ആശയപരത എന്നിവ അടിസ്ഥാനമാക്കി ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതാണ്.

(3) ദേശീയ തലത്തിൽ ഇൻസ്പെയർ അവാർഡിന് അർഹരായ മൊത്തം 1 ലക്ഷം പ്രൊജക്ടുകളാണ് NIF ഷോർട്ട് ലിസ്റ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നത്.

(4) ജില്ലാതല ഇൻസ്പെയർ എക്സിബിഷൻ ജില്ലാ, സ്റ്റേറ്റ് നോഡൽ ഓഫീസർമാർ സംഘടിപ്പിക്കുന്നതാണ്. 10% പ്രൊജക്ടുകൾ, ജില്ലാതലത്തിൽ NIF ജൂറി ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതും, തെരഞ്ഞെടുത്ത പ്രൊജക്ടുകൾ സംസ്ഥാന തലത്തിൽ അവതരിപ്പിക്കപ്പെടുന്നതുമാണ്. ഏകദേശം 10000 പ്രൊജക്ടുകൾ സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നു.

(5) സ്റ്റേറ്റ് തല മത്സരങ്ങൾ ജില്ലാ സംസ്ഥാന നോഡൽ ഓഫീസർമാർ സംഘടിപ്പിക്കുന്നതാണ്. സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സിനാണ് മുൻഗണന നല്കുന്നത്. സംസ്ഥാനത്തിൽ നിന്ന് 10% (1000) പ്രൊജക്ടുകൾ തെരഞ്ഞെടുത്ത് ദേശീയ തലത്തിൽ അവതരിപ്പിക്കുന്നു. NIF ജൂറി തെരഞ്ഞെടുത്ത പ്രൊജക്ടുകൾ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതാണ്.

(6) സംസ്ഥാന തലത്തിൽ തെരഞ്ഞെടുത്ത പ്രൊജക്ടുകൾക്ക് 20,000/-രൂപ വിതം 'Profotype Model' വികസിപ്പിക്കാൻ നല്കുന്നതാണ്. Direct Benefit Transfer (DBT) മുഖാന്തിരം 20,000/- വിതം അർഹരായ കുട്ടികളുടെ ബാങ്ക് എക്കൗണ്ടുകളിലേക്ക് അയയ്ക്കുന്നതാണ്. തെരഞ്ഞെടുത്ത കുട്ടികൾക്ക് 'Profotype Model' വികസിപ്പിക്കുന്നതിന് വേണ്ട പരിശീലനം നല്കുന്നതിനായി വർക്ക്ഷോപ്പുകൾ NIT, IIT, IISER എന്നിവയുമായി ചേർന്ന് National Innovation Foundation(NIF) സംഘടിപ്പിക്കുന്നതാണ്.

(7) ദേശീയ തലത്തിൽ 1000 'Profotype Model/Projects' അവതരിപ്പിക്കുന്നതും, DST, NIF, TIFAC (പേറ്റന്റിന്) എന്നിവയുടെ ജൂറിമാർ സംയുക്തമായി 60 മോഡലുകൾ/പ്രൊജക്ടുകൾ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതുമാണ്.

(8) തെരഞ്ഞെടുത്ത 60 മോഡലുകൾ/പ്രൊജക്ടുകൾ രാഷ്ട്രപതി ഭവനിൽ അവതരിപ്പിക്കുന്നതുമാണ്.

(9) National Innovation Foundation (NIF) തെരഞ്ഞെടുത്ത 60 പ്രോജക്ടുകൾ DST യുടെ മററ് സ്കീമുകളുമായി ബന്ധപ്പെടുത്തുന്നതും അതിനായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിക്കുന്നതുമാണ്.

(10) ഷോർട്ട് ലിസ്റ്റ് ചെയ്ത പ്രോജക്ടുകൾക്കും, മോഡലുകൾക്കും പേറ്റന്റിനർഹതയുണ്ടോയെന്ന് TIFAC വിലയിരുത്തുന്നതുമാണ്.

(11) ജില്ലാതല എക്സിബിഷനുകൾ നടത്തുന്നതിനുള്ള DST യുടെ നിർദ്ദേശങ്ങൾ മുൻ വർഷത്തേതുപോലെ തന്നെയായിരിക്കും.

(12) എല്ലാ നോമിനേഷനുകളും, അപേക്ഷകളും ഓൺലൈനിൽ സമർപ്പിക്കുമ്പോൾ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് നോക്കി കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സ്റ്റേററ് ഇൻസ്പയർ ഓഫീസർ
( ഇൻസ്പയർ)

കോപ്പി : എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

പുറത്തെഴുത്ത് കത്ത് നം: K6/24845/2016 തിയ്യതി: 26/12/2016

2016-17ലെ ഇൻസ്പെയർ അവാർഡ് സ്കീമിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. E-Mias വെബ്സൈററിൽ (www.inspireawards-dst.gov.in) ഓൺലൈൻ നോമിനേഷൻ 2016 ഡിസംബർ 1 മുതൽ സമർപ്പിക്കാവുന്നതാണ്. സ്കൂളുകൾക്ക് 28-02-2017 വരെ ഇൻസ്പെയർ അവാർഡിന് വിദ്യാർത്ഥികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഇതു സംബന്ധിച്ച സർക്കുലർ അറിവിലേക്കും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി എല്ലാ ഡി.ഇ.ഒ., എ.ഇ.ഒ., ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും അയക്കുന്നു.

For വി. ഉപഡയറക്ടർ
പാലക്കാട്

സ്വീകർത്താവ്
All DEOs, AEOs & HMs